# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2935 — 15.02.2013 - ൽ മറുപടിക്ക്

## ബധിര-മൂക വിദ്യാർത്ഥി കലോത്സവ ഫണ്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന സ്കൂൾ കലോത്സവങ്ങൾക്ക് വൻതുക ചെലവഴിക്കുന്ന സർക്കാർ ബധിര - മൂക വിദ്യാർത്ഥികളുടെ സ്പെഷ്യൽ സ്കൂൾ സംസ്ഥാനതല കലോത്സവ നടത്തിപ്പിനു വേണ്ട മതിയായ ഫണ്ട് അനുവദിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം നടത്തി വരുന്നു. 15-ാമത് സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം 2013 ജനുവരി 28, 29, 30 തീയതികളിൽ ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ വച്ച് നടന്നു. പ്രസ്തുത മേളയ്ക്കായി സർക്കാർ ഖജനാവിൽ നിന്നും 33 ലക്ഷം രൂപ ചെലവാക്കിയിരുന്നു. സംസ്ഥാന സ്കൂൾ കലോത്സവങ്ങൾക്ക് നൽകുന്നതു പോലെ സൗജന്യ ഭക്ഷണം, താമസ സൗകര്യം, യാത്രാ സൗകര്യം, മറ്റു അത്യാവശ്യ സൗകര്യങ്ങൾ, പ്രൈസ് മണി എന്നിവയെല്ലാം സ്പെഷ്യൽ സ്കൂൾ കലേത്സവത്തിൽ പങ്കെടുത്ത മത്സരാർത്ഥികൾക്കും നൽകിയിരുന്നു. കൂടാതെ പങ്കെടുക്കുന്ന ഓരോ സ്കൂളിനും 'പാർട്ടിസിപ്പേഷൻ അലവൻസായി' 1500 രൂപ നിരക്കിലും നൽകി വരുന്നു. സ്പെഷ്യൽ സ്കൂൾ കലോത്സവത്തിന്റെ നടത്തിപ്പിനായി ഫണ്ടിന്റെ അപര്യാപ്തത നിലവിലില്ല. |

| | |
|---|---|
| (ബി) കലോത്സവത്തിൽ പങ്കെടുക്കുന്ന വൈകല്യം ബാധിച്ച കുട്ടികളുടെ താമസ സൗകര്യത്തിനും യാത്രാ ച്ചെലവിനും പോലും മതിയായ ധനസഹായം അനുവദിക്കാത്തതിനാൽ മിക്കവേദികളും തികച്ചും ശുഷ്കമായാണ് സ്പെഷ്യൽ സംസ്ഥാന കലോത്സവങ്ങളിൽ കാണുന്നത് എന്നതിന് പരിഹാരമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ;<br>(സി) നിലവിലുള്ള ഫണ്ടിന്റെ പരിമിതി ബോദ്ധ്യപ്പെട്ട്, കാര്യക്ഷമമായ നടത്തിപ്പിനായി സ്പെഷ്യൽ സംസ്ഥാന കലോത്സവങ്ങൾക്ക് മതിയായ ഫണ്ട് അനുവദിക്കുന്നതിനുവേണ്ട നടപടിയുണ്ടാകുമോ? | **(ബി) & (സി)**<br>കലോത്സവത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്കും എസ്കോർട്ടിംഗ് ടീച്ചേഴ്സിനും സൗജന്യ താമസ സൗകര്യവും ഭക്ഷണവും നൽകി വരുന്നു. യാത്രാ ചെലവിനായി സ്കൂൾ ഒന്നിന് 1500 രൂപ നിരക്കിലും പ്രൈസ് മണിയായി ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 2000, 1600, 1200 രൂപ നിരക്കിലും നൽകി വരുന്നു. എല്ലാ സ്പെഷ്യൽ സ്കൂളുകളിൽ നിന്നും കുട്ടികൾ മത്സരത്തിൽ പങ്കെടുക്കാറുണ്ട്. സ്പെഷ്യൽ സ്കൂൾ കലോത്സവത്തിന്റെ നടത്തിപ്പിനായി ഫണ്ടിന്റെ അപര്യാപ്തത നിലവിലില്ല. |

സെക്ഷൻ ഓഫീസർ